3. അവശ്യസാധനങ്ങൾ കൂടാതെ ഉപഭോക്താവിന്റെ താൽപര്യമനുസരിച്ചുള്ള മിക്ക സാധനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

4. കൂടാതെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ കൃത്യമായി എല്ലാ മേഖലകളിലും എത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

(ഡി) ആലപ്പുഴ നഗരത്തിൽ പുതിയതായി മാവേലിസ്റ്റോർ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

126 (145) മാവേലി സ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത സാധനങ്ങളുടെ വില

ശ്രീ. പി.പി.തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപന കേന്ദ്രങ്ങൾ എന്നിവയിൽക്കൂടി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലയും പൊതു വിപണിയിൽ പ്രസ്തുത സാധനങ്ങളുടെ വിലയും എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) 2000 ഡിസംബർ ഒന്നാംതീയതി പ്രസ്തുത സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത സാധനങ്ങളുടെ വിലയും പൊതുവിപണിയിലെ പ്രസ്തുത സാധനങ്ങളുടെ വിലയും എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ബി) വിലവിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.**

127 (146) മാവേലിസ്റ്റോറുകൾ വഴി നൽകിയ സാധനങ്ങൾക്ക് സബ്സിഡി

ശ്രീ. എ.കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മേയ്മാസം മുതൽ നാളിതുവരെയായി എത്ര മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിക്കുകയുണ്ടായി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഏതെല്ലാം ഭക്ഷ്യവസ്തുക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകുന്നുണ്ട്;

(ഡി) ഇതിനായി 1996-97, 1997-98, 1998-99, 1999-2000, 2000-നാളിതുവരെ എന്തു തുക സബ്സിഡി അനുവദിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 426 മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 176 എണ്ണം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.***

(സി) മാവേലിസ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന താഴെപ്പറയുന്ന ഭക്ഷ്യവസ്തുക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകുന്നുണ്ട്.

1. അരി
2. ചെറുപയർ
3. ചെറുപയർ പരിപ്പ്
4. ഉഴുന്ന് (തൊലികളഞ്ഞത്)
5. ഉഴുന്ന് (പിളർന്നത്)
6. കടല (വലുത്)
7. കടല (ചെറുത്)
8. വൻപയർ
9. തുവരപ്പരിപ്പ്
10. പീസ് പരിപ്പ്
11. വറ്റൽ മുളക്
12. മല്ലി
13. ജീരകം
14. കടുക്
15. ഉലുവ
16. പഞ്ചസാര

(ഡി) 1996-97 മുതൽ നാളിതുവരെ സബ്സിഡിയായി നൽകിയത് താഴെകൊടുക്കുന്നു.

1996-97	-	35 കോടി രൂപ (ലോൺ)
1997-98	-	50 കോടി രൂപ (ഗ്രാന്റ്)
1998-99	-	50 കോടി രൂപ (ഗ്രാന്റ്)
1999-2000	-	60 കോടി രൂപ (ഗ്രാന്റ്)
2000-(12.12.00 വരെ)	-	19 കോടി രൂപ (ഗ്രാന്റ്)

128 (147) മാവേലി സ്റ്റോറുകൾ

ശ്രീ. വെങ്ങാനൂർ പി.ഭാസ്ക്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

---

* അനുബന്ധം XXVII (a,b)

** അനുബന്ധം XXVII

*** അനുബന്ധം XXVII

LIBRARY ARCHIVES Kerala Legislative Assembly